പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷ

45 (1099) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷ അദ്ധ്യയന വർഷത്തിന്റെ ഇടയ്ക്ക് നടത്തുന്നതിനാൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പരീക്ഷ അദ്ധ്യയനവർഷത്തിന്റെ അവസാനം നടത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ നിലവിലുള്ള സമ്പ്രദായം മാറ്റുന്നത് വിദ്യാർത്ഥികളുടെ താൽപര്യങ്ങൾക്കും ഉപരിപഠന സാദ്ധ്യതകൾക്കും ഗുണകരമല്ല.

പുതിയ പ്ലസ് ടു സ്കൂളുകൾ

46 (1100) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ സംസ്ഥാനത്ത് പുതിയ പ്ലസ് ടു സ്കൂളുകൾ, അപ്ഗ്രഡേഷനും, ബാച്ചുകൾ അനുവദിച്ചതും വഴി പ്രതിവർഷം എത്ര കോടി രൂപയുടെ അധിക ചെലവ് വരുമെന്ന വെളിപ്പെടുത്തുമോ ;

(ബി) ഇതു വഴി താത്കാലികമോ, സ്ഥിരമോ ആയിട്ടുള്ള എത്ര അദ്ധ്യാപക അധ്യാപക-ഇതര തസ്തികകൾ ആവശ്യമായി വന്നിട്ടുണ്ട് ;

(സി) മൊത്തം തസ്തികകളിൽ സർക്കാർ സ്കൂളുകളിലേക്ക് എത്ര ; എയ്ഡഡ് സ്കൂളുകളിലേക്ക് എത്ര ; വിശദമാക്കാമോ ;

(ഡി) സർക്കാർ പ്ലസ് ടു സ്കൂളുകളിൽ 2014-ൽ പുതുതായി നിലവിൽവന്ന തസ്തികകളിൽ അധ്യാപക ബാങ്കിൽ നിന്നും നിയമിക്കപ്പെട്ടവർ എത്ര ;

(ഇ) എയ്ഡഡ് പ്ലസ് ടു സ്കൂളുകളിൽ 2014-ൽ പുതുതായി നിലവിൽ വന്ന അദ്ധ്യാപക തസ്തികകളിൽ അദ്ധ്യാപക ബാങ്കിൽ നിന്നും നിയോഗിക്കപ്പെട്ടവർ എത്ര ; ഗസ്റ്റ് അധ്യാപകരായി നിയമിക്കപ്പെട്ടവർ എത്ര ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യക്ഷനായ ആറംഗ സമിതിയുടെ റിപ്പോർട്ടുപ്രകാരം അനുവദിച്ച പ്ലസ് ടു സ്കൂളുകൾ/ബാച്ചുകൾക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയാണെങ്കിൽ പ്രതിവർഷം ഏകദേശം 149 കോടി രൂപയുടെ അധികച്ചെലവുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly